LIBRARY ARCHIVES Kerala Legislative Assembly

കയറ്റുമതി ചെയ്യുന്ന കാർഷികോല്പന്നങ്ങൾ

58 (2506) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കയറ്റുമതി കേന്ദ്രം കേരളത്തിൽ അനുവദിക്കണമെന്ന ആവശ്യത്തോടു കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് നിന്ന് ഇപ്പോൾ ഏതെല്ലാം കാർഷിക ഉല്പന്നങ്ങളാണ് കയറ്റുമതി ചെയ്യുന്നതെന്ന് അറിയിക്കാമോ ;

(സി) സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്യുന്ന പഴങ്ങളും പച്ചക്കറികളും ഏതെല്ലാം രാജ്യങ്ങളിലേക്കാണ് കയറ്റി അയയ്ക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മുതൽ പാലക്കാടുവരെയുള്ള ഒൻപതു ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ട് ഏത്തൻ, പൈനാപ്പിൾ, പച്ചക്കറികൾ ഇവയ്ക്ക് കാർഷിക കയറ്റുമതി മേഖല രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. എം. ഒ. യു. ഒപ്പുവച്ചിട്ടുണ്ട്.

(ബി) തേയില, കാപ്പി, കുരുമുളക്, റബ്ബർ, ഇഞ്ചി, മഞ്ഞൾ, കറി പൗഡറുകൾ, കശുവണ്ടി, സുഗന്ധവ്യഞ്ജന എണ്ണയും ഒളിയോറസീനും, കയറും കയറുൽപ്പന്നങ്ങളും, ഏലം, അച്ചാറുകൾ, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ മുതലായവയാണ് സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്യുന്ന കാർഷികോല്പന്നങ്ങൾ.

(സി) സംസ്ഥാനത്തുനിന്നും ഗൾഫ്, യു.എസ്.എ., യു.കെ. എന്നീ രാജ്യങ്ങളിലേക്കാണ് പഴങ്ങളും പച്ചക്കറികളും ഇപ്പോൾ കയറ്റി അയയ്ക്കുന്നത്.

കാർഷികവിളകളുടെ സംഭരണം

59 (2507) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് ഏതെല്ലാം കാർഷിക വിളകളാണ് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ സംഭരിച്ചുവരുന്നതെന്ന് അറിയിക്കാമോ ;

(ബി) കാർഷിക വിളകളുടെ സംഭരണംമൂലം കൃഷിക്കാർക്കുണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) കാർഷികവിളകളുടെ സംഭരണം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാൻ സർക്കാർ സന്നദ്ധമാകുമോ ?

ഉത്തരം

(എ) നെല്ല്, കൊപ്ര, റബ്ബർ, അടയ്ക്കാ എന്ന കാർഷിക വിളകൾ സംഭരിക്കാൻ ഈ സർക്കാർ നടപടി സ്വീകരിച്ചു.

(ബി) കാർഷിക വിളകളുടെ സംഭരണംമൂലം കാർഷികോല്പന്നങ്ങളുടെ വിലയിൽ ഒരു പരിധിവരെ വർദ്ധനവ് ഉണ്ടായിട്ടുണ്ട് കൂടാതെ കർഷകർക്ക് അവരവരുടെ കൃഷി ഭൂമിയിൽനിന്നും കൂടുതൽ ലാഭംകിട്ടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

(സി) കാർഷികവിളകളായ കൊപ്ര, റബ്ബർ അടയ്ക്ക എന്നിവയുടെ സംഭരണം സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും ബാധകമാണ്. എന്നാൽ നെൽകൃഷിക്ക് പ്രാധാന്യമുള്ള കോട്ടയം, ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, പത്തനംതിട്ട എന്നീ ജില്ലകളിൽനിന്നും നെല്ല് സംഭരണം നടത്തിവരുന്നു. ഇത് മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കാർഷികോല്പന്നങ്ങളുടെ ഗുണനിലവാരം

58 (2506) ശ്രീ. പി. ജയരാജൻ :
ഡോ. തോമസ് ഐസക് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. പി. സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡബ്ല്യു.ടി.ഒ. കരാറിന്റെ ഗുണപരമായ വശങ്ങൾ കണക്കിലെടുത്ത് കാർഷികമേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് പറയാമോ ;

(ബി) അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻ കഴിയുംവിധം കാർഷികോല്പന്നങ്ങളുടെ ഗുണനിലാവരം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭാരതം ഒപ്പു വച്ചിട്ടുള്ള ഡബ്ല്യു.ഡി.ഒ. കരാറിന്റെ അടിസ്ഥാനത്തിൽ അതിന്റെ ഗുണദോഷവശങ്ങൾ എന്തൊക്കെയാണെന്നും അത് കേരളത്തിന്റെ കാർഷികമേഖലയെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിക്കാനും പ്രത്യാഘാതങ്ങൾ തരണം ചെയ്യുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ശുപാർശചെയ്യുന്നതിനും ഡോ. സ്വാമിനാഥൻ ചെയർമാനായി ഒരു കമ്മീഷൻ രൂപീകരിക്കുകയുണ്ടായി. കമ്മീഷൻ ഈ വിഷയങ്ങൾ വിശദമായി പഠിച്ച് ഒരു ബൃഹത്തായ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. റിപ്പോർട്ടിൽ കാർഷികമേഖലയിൽ ഗുണപരമായ മാറ്റമുണ്ടാകുന്നതിനുള്ള അനേകം ശുപാർശകളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. അവ ഓരോന്നും പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ തുടങ്ങിയിട്ടുണ്ട്. ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുകയും ഗുണമേന്മ ഉറപ്പാക്കുകയുമാണ് പ്രധാനമായും വേണ്ടത്. അതിനാവശ്യമായ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാനുദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly